# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2250

## 14-06-2019 ൽ മറുപടിക്ക്

## കിഫ്ബി മസാല ബോണ്ടുകൾ വാങ്ങിയ ആങ്കർ ഇൻവെസ്റ്റർ

| ചോദ്യം<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ. കെ.സി.ജോസഫ്<br>ശ്രീ. ഷാഫി പറമ്പിൽ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) കിഫ്ബി മസാല ബോണ്ടുകൾ വാങ്ങിയ ആങ്കർ ഇൻവെസ്റ്ററായി ആരെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്; | ആങ്കർ ഇൻവെസ്റ്ററായി കിഫ്ബി ആരെയും തെരഞ്ഞെടുത്തിട്ടില്ല. |
| (ബി) കിഫ്ബി മസാല ബോണ്ടുകളിൽ ഇൻവെസ്റ്റ് ചെയ്യാൻ തയ്യാറായ ആങ്കർ ഇൻവെസ്റ്റർക്ക് നന്ദി പ്രകാശിപ്പിച്ചുകൊണ്ടുള്ള കിഫ്ബി ന്യൂസ് ലെറ്റർ പുറത്തിറക്കിയിരുന്നോ; | ലോകത്തിലെ വലിയ പെൻഷൻ ഫണ്ടുകളിൽ പെടുന്ന ഒരു കമ്പനി കിഫ്ബിയുടെ സംവിധാനങ്ങൾ പഠിക്കുവാനും അതിന്റെ ഉദ്യമത്തിൽ ഭാഗമാകാനും തീരുമാനിച്ചത് കിഫ്ബിയ്ക്ക് ഒരു വലിയ അംഗീകാരമായി കണക്കാക്കുന്നു എന്ന് ന്യൂസ് ലെറ്ററിൽ പരാമർശിച്ചിരുന്നു. |
| (സി) ലണ്ടനിൽ സന്ദർശനം നടത്തിയ കിഫ്ബി ഉദ്യോഗസ്ഥർക്ക് പരിശീലനം നല്കാൻ നിർദ്ദേശിച്ചത് ആങ്കർ ഇൻവെസ്റ്ററാണോ; വിശദാംശങ്ങൾ നൽകാമോ? | പദ്ധതികൾക്കായുള്ള അൻപതിനായിരം കോടിയോളം രൂപ കണ്ടെത്തുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കിഫ്ബിയ്ക്ക് മറ്റു വിവിധ തരം ധനോപാധികളെ ആശ്രയിക്കേണ്ടതായി വരും. ഇതിൽ ഒരു സുപ്രധാന മാർഗ്ഗമാണ് ബോണ്ട് വിപണി വഴിയുള്ള ധനസമാഹരണം. കിഫ്ബിയുടെ ധനകാര്യ വിഭാഗത്തിനു നിലവിൽ അന്താരാഷ്ട്ര ക്യാപിറ്റൽ മാർക്കറ്റ് മേഖലയിലുള്ള കാര്യബോധം മെച്ചപ്പെടുത്തേണ്ടി വരുമെന്നത് നിക്ഷേപകരുമായുള്ള മസാല ബോണ്ടുമായിബന്ധപ്പെട്ട നടന്ന ചർച്ചകളിൽ നിന്ന് മനസ്സിലാക്കിയിരുന്നു. ചിലരിൽ നിന്ന് ഇപ്രകാരമുള്ള നിർദ്ദേശങ്ങളും ലഭിച്ചിരുന്നു. ഈ നിലയിൽ അന്താരാഷ്ട്ര ബോണ്ട് മാർക്കറ്റിനെ കുറിച്ച് വിശദമായ ഒരു അവബോധം ഉദ്യോഗസ്ഥർക്ക് നൽകുന്നതിന്റെ ഭാഗമായാണ് കിഫ്ബിയുടെ ധനകാര്യ വിഭാഗം ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകാൻ കിഫ്ബി തീരുമാനിച്ചത്. |

സെക്ഷൻ ഓഫീസർ